QP CODE: 19002406

19002406

Reg No : .....................

Name : .....................

# M.A. DEGREE (C.S.S ) EXAMINATION, NOVEMBER 2019

**First Semester**

Faculty of Language and Literature

MALAYALAM

**Core - ML010104 - SAHITHYARACHANASANKETHANGAL**

2019 Admission Onwards

AABCD8ED

Time: 3 Hours

Maximum Weight :30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ദൃശ്യകലാസാഹിത്യരൂപമെന്ന നിലയിൽ ആട്ടക്കഥയുടെ ഘടനാപരമായസവിശേഷതകൾ പരിശോധിക്കുക.
2. പ്രയുക്തരചന എന്നതിനപ്പുറം തിരക്കഥയ്ക്ക് എന്തെങ്കിലും പ്രാധാന്യമുണ്ടോ?
3. ലക്ഷ്യാർത്ഥവും വ്യംഗ്യാർത്ഥവും തമ്മിലുള്ള വ്യത്യാസമെന്ത്?
4. ഉപമാനം, ഉപമേയം എന്നിവ ഉദാഹരണസഹിതം വിശദമാക്കുക.
5. പ്രഹസനം എന്നാലെന്ത്?
6. കവിത അമൂർത്തസ്വഭാവം കൈവരിക്കുന്നതിന് സ്വീകരിക്കുന്ന സങ്കേതങ്ങൾ ഏതെല്ലാം?
7. കഥാസാഹിത്യത്തിൽ ആഖ്യാനകങ്ങളുടെ പ്രാധാന്യമെന്ത്?
8. പരിപ്രേക്ഷ്യം (Perspective) മാധ്യമതാ ഘടകമാകുന്നതെങ്ങനെ?
9. സർപ്പിണിയും പാനയും ഒരേ വൃത്തംതന്നെയാണോ?- ഉദാഹരണസഹിതം വിശദീകരിക്കുക.
10. മുക്തച്ഛന്ദസ്സ് എന്നാലെന്ത്? അതിനുള്ള സാധ്യതകൾ എന്തെല്ലാം?

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. ഭാവഗീതത്തിന്റെ രൂപപരമായ സവിശേഷതകൾ മലയാളകവിതയെ



Turn Over

എങ്ങനെയൊക്കെ സ്വാധീനിച്ചിട്ടുണ്ട്?

12. ക്രാഫ്റ്റിലുള്ള അമിതശ്രദ്ധ നോവലിന്റെ ആവിഷ്കാരപരമായ ജൈവികതയെ ഏതെങ്കിലുംതരത്തിൽ പരിമിതപ്പെടുത്തുന്നുണ്ടോ? സ്വമതം വ്യക്തമാക്കുക.

13. വസ്തുപ്രതിവസ്തുഭാവവും ബിംബപ്രതിബിംബഭാവവും തമ്മിലുള്ള വ്യത്യാസം അലങ്കാരവിഭജനത്തിന് കാരണമാകുന്നതെങ്ങനെ?

14. ഗുണീഭൂതവ്യംഗ്യവും ധ്വനിയും തമ്മിലുള്ള വ്യത്യാസമെന്ത്?

15. 'വക്രോക്തി എന്ന സങ്കേതം കവിത എഴുതപ്പെടുന്ന ഭാഷയുമായി ബന്ധപ്പെട്ടിരിക്കുന്നു' - പരിശോധിക്കുക.

16. അഗംബെൻ അവതരിപ്പിക്കുന്ന എൻജാംബ്മെന്റ് എന്ന സങ്കേതത്തിന്റെ സാംഗത്യം വിലയിരുത്തുക.

17. ആഖ്യാനപഠനത്തിന് റൊളാങ് ബാർത്ത് നൽകിയ സംഭാവന വിവരിക്കുക.

18. മാത്രാവൃത്തങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?

(6×2= 12 weightage

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. 'എല്ലാ അലങ്കാരങ്ങളും ഉപമയിൽനിന്നു ജനിക്കുന്നു' എന്ന അഭിപ്രായം സംഗതമോ? പരിശോധിക്കുക.

20. 'അധീശസംസ്കാരത്തിലെ സാഹിത്യപ്രയോഗങ്ങൾ ഇതരസംസ്കാരങ്ങളിലേക്ക് ചേക്കേറുന്നത് പ്രസ്ഥാനങ്ങളായല്ല, പ്രത്യയശാസ്ത്രങ്ങളായാണ് ' - സിംബലിസം, ഇമേജിസം തുടങ്ങിയ പ്രസ്ഥാനങ്ങളെ മലയാളത്തിലെ ആധുനികകവിതയുടെ സാഹചര്യത്തിൽ വിലയിരുത്തുക.

21. നോവൽ എന്ന സാഹിത്യരൂപത്തിന്റെ സവിശേഷതകൾ മിഖായേൽ ബഖ്തിൻ വിശദീകരിക്കുന്നതെങ്ങനെ?

22. വൃത്തവും താളവും തമ്മിലുള്ള ബന്ധം സംസ്കൃതവൃത്തവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വിവരിക്കുക.

(2×5= 10 weightage